കവിത

ഡോ.ഷേർളി പി.ആനന്ദ്

ഇന്നലെക്കണ്ട കിനവുകളൊക്കെയാണ്
ഇന്നിൻ കതിർക്കുല എന്നറിയുന്ന ഞാൻ
ശാസ്ത്രഗണിതങ്ങൾക്കൊപ്പം
സമം ചേർത്ത് നൽകിയ
കാരുണ്യപാഠങ്ങൾജീവിത പാഠങ്ങൾ
ദീപ്തസ്മരണയായ്
മന്ദഹസിക്കയാണെന്നെ നോക്കി
ചിത്രം വരക്കാനെനിക്കന്നു
ചായം പകർന്നവർ
ഓർമ്മകൾക്കൊപ്പം ചിരിച്ചും കരഞ്ഞു
മങ്ങെത്തിടാറുണ്ടിന്നുമെൻമനോവീഥിയിൽ
അന്നീക്കലാലയവാടിയിൽ
എന്നെ പഠിപ്പിച്ച ദേവതമാർ
ഇന്നീ ശലഭോദ്യാനത്തിലും
എത്തുകയാണവർ എൻ തുണയ്ക്കായ്
ഉദ്യാനപാലികയാണിന്നു ഞാൻ,
എന്റെ സ്വപ്നബിന്ദുക്കളീ
വയലറ്റ് പൂവുകൾ.
ഇരുളാർന്ന പച്ചപ്പിന്നിടയ്ക്കുർന്ന
കാമ്പസിൽ പറക്കുംചിറകുള്ള
സ്വപ്ന ശലഭങ്ങൾ
എത്തിയതെവിടെനിന്നെങ്കിലുമാകട്ടെ
ഒപ്പം പറക്കാൻപഠിച്ച കഴിഞ്ഞവർ
കൊച്ചു വിശേഷങ്ങൾ കൊത്തിപ്പെറുക്കിയും
മെല്ലെക്കുറുകിയും
പൊട്ടിച്ചിരിയുടെ ചില്ലുപാത്രങ്ങളുടച്ചും
ക്ലാസിന്നിടവേളകൾ ധന്യമാക്കും കുരുന്നുകൾ
കൂട്ടമായെത്തിയങ്ങെന്റെ പ്രഭാതങ്ങൾ
നന്ദനോദ്യാനസമാനമാക്കീടുന്നു.
വഴിക്കണ്ണ് നട്ടങ്ങു നില്ക്കുന്ന
മാതാപിതാക്കൾ തൻ ദൃഷ്ടികൾക്കിപ്പുറം
കാത്തിരിക്കുന്ന കുഴകന്റെകണ്ണുക
ക്കണ്ണിനാൽക്കണ്ടെങ്ങു ഞാൻ നടുങ്ങീടവേ
ഫാത്തിമായെന്റെ പിറക്കാത്ത മകളായി,
രേഷ്മയും രാജിയും സൗമ്യയും
ഈ പച്ചിലച്ചാർത്തിന്റെസ്വർണമന്ദാരങ്ങളായ്
പഴയ താരാട്ടിന് പതിഞ്ഞ താളത്തിലായ്
ആരോ ശ്രുതിചേർത്തു പാടുന്നു വീണ്ടും
ഏറ്റുവാങ്ങുന്നു ഞാനന്നെനിക്കായ്
നിങ്ങൾ നോറ്റനൊയമ്പുകൾ
ഇന്നിവർക്കായി നീ നോറ്റിടാനായ്.

ഈഫൽ ടവർ

കാരൂർ സോമൻ

യാത്രകളെന്നും ഗാഢമായ ആലിംഗനം പോലെ കുളിർമ പകരുന്ന ഒരനുഭവമാണ്. എന്നും പുതിയ പുതിയ കാഴ്ചകൾ, മേച്ചിൽപ്പുറങ്ങൾ, പ്രണയനഗരികൾ, തീർത്ഥാടന കേന്ദ്രങ്ങൾ... ലോകത്തെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാരകേന്ദ്രമാണ് പാരീസ്. ഏകദേശം മൂന്നു കോടിയോളം വിനോദസഞ്ചാരികൾ ഈ പട്ടണത്തിൽ എല്ലാ വർഷവും വന്നുപോകുന്നു. അതിന്റെപ്രധാന കാരണം പാരീസിന്റെ ഉന്മാദസൗന്ദര്യം മാത്രമല്ല മറിച്ച് സെയിൻ നദിക്കരയിൽ സ്നേഹവാത്സല്യത്തോടെ നമ്മെ മാടി വിളിക്കുന്ന യൂറോപ്പിന്റെ അഹങ്കാരമായ അതിമനോഹര ഈഫൽ ഗോപുരവും മനുഷ്യന്റെ എല്ലാ ചിന്താശക്തികളെയും കവർന്നെടുക്കുന്ന ലൂവർ മ്യൂസിയത്തിലെ അതിസുന്ദരിയായ മൊണാലിസയുമാണ്. സെയിൻ നദിയുടെ അക്കരെ ഇക്കരെയായി ഉയർന്നു നിൽക്കുന്ന ദേവാലയങ്ങളും മ്യൂസിയങ്ങളും ആർട്ട് ഗാലറികളും കൊട്ടാരങ്ങളും എഴുത്തുകാരുടെ അക്കാഡമികളുമൊക്കെ കാണേണ്ട കാഴ്ചകൾ തന്നെയാണ്. ഇവിടെയെല്ലാം മിഴികളുയർത്തി മന്ദഹാസം പൊഴിച്ചുകൊണ്ട് ഹൃദയംഗമായ സ്നേഹവായ്പോടെ പവിഴച്ചുണ്ടുകളുമായി കാത്തുകുർപ്പിച്ചു നിൽക്കുന്ന സുന്ദരിമാരെയും കാണാം. അവരണിഞ്ഞ വസ്ത്രത്തിൽ നിന്നു വരുന്ന പാരീസ്സുഗന്ധ അനുരാഗമൊക്കെ പാരീസിനെയാകെ കെട്ടിപ്പുണർന്ന് കിടക്കണമെന്ന്തോന്നും. എങ്ങും മനുഷ്യമനസ്സിനെ കവർന്നെടുക്കുന്ന കാഴ്ചകൾ!

ഫ്രാൻസിന്റെ ചരിത്രം യൂറോപ്പിന്റെ ചരിത്രം കൂടിയാണ്. പ്രകാശ നഗരം എന്ന് പാരീസിനൊരു ചെല്ലപ്പേരുണ്ട്. പാരീസ് വെളിച്ചത്തിന്റെനഗരമാകുന്നത് തെരുവുവിളക്കുകൾ ആദ്യം പ്രകാശിപ്പിച്ച നഗരമായതുകൊണ്ടല്ല അതിനെക്കാൾ ഒരു സാംസ്കാരിക വിപ്ലവ/നവോത്ഥാനത്തിന് തിരികൊളുത്തിയ ആദ്യനഗരമായതുകൊണ്ടാണ്. അതിന്റെ പ്രധാന കാരണം ആൾ ദൈവങ്ങളിൽനിന്ന് വളരെ ദൂരെയാണ് ദൈവത്തിന്റെ വാസമെന്നവർ തിരിച്ചറിയുന്നു. അവിടെ സവർണ്ണരും അവർണ്ണനുമില്ല. ജാതിമതങ്ങൾ അവരെ ഭരിക്കുന്നില്ല. മതത്തിന് വേണ്ടി നിലകൊണ്ടവരെ നാരായണഗുരു പാമരന്മാർ എന്നാണ് വിളിച്ചിരുന്നത്. അതിന്റെ അർത്ഥം അറിവില്ലാത്തവൻ എന്നാണ്. ഈ അറിവില്ലാത്ത, മതത്തിന്റെ പുകമറക്കുള്ളിലെ തദ്ദ്യാന്തന്മാർ 2015ൽ പാരീസിൽ നടത്തിയ മനുഷ്യകുരുതി അതിനുദാഹരണമാണ്. മതത്തിന്റെ മേലങ്കിയണിഞ്ഞ് മതവ്യാപാരം നടത്തി മനുഷ്യരെ തമ്മിലടിപ്പിക്കുന്നവരും കൊലപാതകികളും പെരുകികൊണ്ടിരിക്കുന്ന കാലമാണിത്. ദൈവം പ്രകാശമാണ്. ആ പ്രകാശത്തിൽ ജീവിക്കുന്നവന് ഒരിക്കലും മതവ്യാപാരം ചെയ്വാൻ സാധ്യമല്ല. നൂറ്റാണ്ടുകളായി പാരീസിൽ നടന്നത് മതവ്യാപാരത്തെക്കാൾ ആശയങ്ങളുടെ, സാഹിത്യത്തിന്റെ, കലയുടെ, ശാസ്ത്രത്തിന്റെ, വിപ്ലവത്തിന്റെ, പുത്തനറിവുകളായിരുന്നു. ആ അറിവിനായി 1200ൽ പാരീസിൽ ആദ്യത്തെ യൂണിവേഴ്സിറ്റി യുണ്ടായി. സൊർബോൺ യൂണിവേഴ്സിറ്റിയിൽ തത്വചിന്തയും, ഗണിതശാസ്ത്രവും, ശാസ്ത്രസാഹിത്യവുംകലകളുംമാത്രമല്ലോ കത്തിന്റെ ഭൗതിക സംവാദങ്ങൾക്ക് അങ്കം കുറിച്ചുകൊണ്ടുള്ള പണ്ഡിതസദസ്സുകളുമുണ്ടായിരുന്നു. 1879ൽ നടന്ന രക്തരഹിത വിപ്ലവത്തിന്റെ ഊർജം ഹൃദയത്തോടു ചേർത്തുപിടിച്ച് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മാനവകുലത്തിന് നല്കിയത് ഈ വിദ്യാകേന്ദ്രമാണ്.

ബ്രിട്ടീഷ് സാമ്രാജ്യത്തെ വെല്ലുവിളിച്ചുകൊണ്ട് 1889ലാണ് ഈ അഭിമാന ഗോപുരമായ ഈഫൽ പാരീസിലുയർന്നത്. രണ്ടര വർഷം കൊണ്ട് നൂറ്റിയമ്പത് തൊഴിലാളികൾ രാപകൽ കഷ്ടപ്പെട്ടാണ് ഈ ഇരുമ്പ് ചട്ടക്കൂട് ആകാശത്തേക്കമർത്തിയത്. 1710 ചവിട്ടുപടികൾ കയറിവേണം ഈ ഈഫലിന്റെ മച്ചിലെത്താൻ. ഇതിന്റെ ആകെ ഭാരം 10,000 ടണ്ണാണ്. ഭൂമിയിൽ നിന്ന് 324 മീറ്റർ ഉയരം. മൂന്ന് നിലകൾ, ഏഴായിരം ടൺ ഇരുമ്പ്, വിവിധ തലങ്ങളിലായി മൂന്ന് ഫ്ളാറ്റ്ഫോറങ്ങൾ. ലോകത്ത് ഏറ്റവും കൂടുതൽ സഞ്ചാരികൾ കയറിയിറങ്ങുന്ന ഗോപുരമാണിത്. എൻജിനിയറിംഗിൽ ഇതിനോട് തുലനം ചെയ്യാൻ ലോകത്ത് മറ്റൊരു ഗോപുരമില്ല. അതിനാൽ എൻജിനീയറിംഗിലെ ഒരു മഹാത്ഭുതം തന്നെയാണിത്. 50 ഓളം എൻജിനീയർമാർ ഗസ്റ്റേവ് ഈഫലിന്റെ മേൽനോട്ടത്തിലാണ് ഇത് നിർമ്മിച്ചത്. രാത്രിയിൽ വൈദ്യുത കാന്തിയിൽ മിന്നിത്തിളങ്ങുന്ന ഈഫൽ ഒരു വിസ്മയം തന്നെയാണ്. എല്ലാം ദിവസവും അരമണിക്കൂർ ഈഫൽ ദീപങ്ങളാൽ മുങ്ങികുളിച്ചു നില്ക്കും. നിലാവിൽ കുളിച്ചു നില്ക്കുന്ന ഭൂമിയ്ക്ക് ഈഫൽ ഒരു കുളിരും കുളിർമ്മയുമാണ്. ചുറ്റുമുള്ള ജലധാരകളിൽ വർണ്ണകൂടകൾ വിരിഞ്ഞു നില്ക്കും. സെയിൻ നദിയിലെ ജലതരംഗങ്ങളിലും വിവിധ നിറങ്ങൾ വെണ്മ പരത്തി ഒഴുകികൊണ്ടിരിക്കും. സകലർക്കും ആനന്ദം പകർന്നുകൊണ്ട് വെളിച്ചത്തിന്റെ നഗരം ദീപാലംകൃതയാകുന്ന നിമിഷങ്ങൾ. ഇരുട്ടിന്റെ മറവിൽ ഒളിപ്പിച്ചുവെച്ച ഒരു വജ്രമാലയിൽ പ്രകാശം വീണാലെന്നപോലെ ഈഫലിൽനിന്നുള്ള ളുവെള്ള വെളിച്ചം മിന്നിത്തിളങ്ങുന്നത് ഒരു അപൂർവ്വ ലോക കാഴ്ചതന്നെയാണ്. നദിക്കരയിൽ രണ്ട് കാലും വിടർത്തി നിൽക്കുന്ന ഇരുമ്പിന്റെ മാംസള സൗന്ദര്യമുള്ള നീണ്ടു മെലിഞ്ഞ കഴുത്തു നീട്ടിയുള്ള ഒരു പെൺശരീരമായി ഈഫൽ ഗോപുരത്തെ കാണാൻ കഴിയും. അവളുടെ നിവർന്ന കാൽച്ചുവട്ടിൽ പാരീസ് നഗരം ഒരു ലഹരിയാണ്. രാത്രിയായാൽ ഈഫൽ പെണ്ണിന്റെ കാൽച്ചുവട്ടിലേക്ക് പാരീസ് നഗരം ഒഴുകിയെത്തും. അവളുടെ പ്രലോഭന സൗന്ദര്യത്തിൽ ഏത് ഹൃദയവും നമിച്ചു നിൽക്കാറുണ്ട്. അധികാരവും കാമവും ഇണചേർന്നുരുവായ വാസ്തുവിദ്യയാണ് ഈഫലിന്റേത്. ഒരു നഗരത്തേ മുഴുവൻ കാൽച്ചുവട്ടിലാക്കിയുള്ള നില്പാണത്. ഫ്രാൻസിന്റെ ചരിത്രവും അതു തന്നെയാണ്. ലോകത്തേ ഏറ്റവും ഉയരംകൂടിയ ഗോപുരമല്ല ഇന്ന് ഈഫൽ ടവർ. അതിനെക്കാൾ പൊക്കമുള്ളത് ഉയർന്നിട്ടുണ്ടെങ്കിലും ലോകത്തെ ഏറ്റവും പ്രശസ്തവും പുരാതനവുമാണ് ഈഫൽ ഗോപുരം. 1889 മുതൽ 1931 വരെ ലോകത്തേ ഏറ്റവും ഉയരംകൂടിയ മനുഷ്യനിർമ്മിത വസ്തു എന്ന ബഹുമതി ഇതിനുണ്ടായിരുന്നു. 1889 ൽ ഫ്രഞ്ച് വിപ്ലവത്തിന്റെ നൂറാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടത്തിയ പ്രദർശനത്തിലാണ് ഈ ഗോപുരം ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഈഫലിന്റെ മുകളിലെത്തിയാൽ നല്ലൊരു ആകാശകാഴ്ചയാണ് ദൃശ്യമാകുന്നത്. ഈഫലിന്റെ ഒന്നും രണ്ടും നിലകളിൽ റസ്റ്റോറന്റുകളും ഒന്നാമത്തെ നിലയിൽ പോസ്റ്റ്ഓഫീസും രണ്ടാമത്തെ തട്ടിൽ കടകളുമുണ്ട്. ഇതിനു മുകളിൽ കയറാൻ ടിക്കറ്റെടുക്കണം. സന്ദർശകർക്ക് ടവറിന്റെ മൂന്നു തട്ടുകൾ വരെ പ്രവേശിക്കാം. ഗോപുരത്തിന്റെ നാലു കാലുകളിൽനിന്നും ലിഫ്റ്റുകളുണ്ട്. ലിഫ്റ്റിൽഇരുപത്പേർക്ക്മാത്രമേ പ്രവേശനമുള്ളൂ. താഴെനിന്ന് മുകളിലേക്ക് നോക്കിയാൽ ഇതൊരു ലോകാത്ഭുതം തന്നെയാണ്.

ഈഫൽ ഗോപുരത്തിനെതിരെ ശബ്ദമുയർത്തിയവരിൽ പ്രമുഖ സാഹിത്യകാരൻ മോപ്പസാങ്ങുമുണ്ടായിരുന്നു. ആകാശത്തേക്കുയർന്ന്നില്ക്കുന്ന ഒരസ്ഥിപഞ്ജരമായിട്ടാണ് ഇതിനെ വിശേഷിപ്പിച്ചത്.

സിംഹാചലം
വരാഹനരസിംഹക്ഷേത്രം

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണം ജില്ലയിലുള്ള സിംഹാചലം വരാഹനരസിംഹ ക്ഷേത്രം ദക്ഷിണേന്ത്യയിലെപ്രസിദ്ധമായ വിഷ്ണുക്ഷേത്രമാണ്. സിംഹാദ്രി, സിംഹഗിരി എന്നെല്ലാം അറിയപ്പെടുന്ന മലയിലാണ് ക്ഷേത്രം.

പ്രധാനമൂർത്തി വരാഹനരസിംഹമാണ്. വിഗ്രഹത്തിന്റെ മുഖം പന്നിയുടേതാണ്. ഉടൽ മനുഷ്യന്റെയും വാൽ സിംഹത്തിന്റെയും. അക്ഷയ തൃതീയനാളിൽ യഥാർത്ഥ വിഗ്രഹം കാണാൻ വൻ തിരക്കാണ്.

ശത്രുനാശം, യുദ്ധവിജയം, രോഗശമനം എന്നിവയ്ക്ക് നരസിംഹദർശനവും ഭജനയും ഉത്തമമാണെന്ന്വിശ്വാസം.

ഐതിഹ്യം, മാഹാത്മ്യം

ഭക്തപ്രഹ്ലാദനാണ് ക്ഷേത്രത്തിൽ ആദ്യം പ്രതിഷ്ഠനടത്തിയതെന്ന് വിശ്വസിക്കപ്പെടുന്നു. നിത്യവും വിഷ്ണുനാമം ജപിച്ചിരുന്ന പ്രഹ്ലാദനെ പിതാവ് കശ്യപ്പ ഉപദ്രവിക്കുമായിരുന്നു. എന്തുവന്നാലും വിഷ്ണുതന്നെ ശരണം എന്നുപറഞ്ഞ പ്രഹ്ലാദനെ ഹിരണ്യകശിപു കടലിലേക്ക് വലിച്ചെറിഞ്ഞു. അത് തരണം ചെയ്ത പ്രഹ്ലാദന്റെ തലയിൽ ഇന്ന് ക്ഷേത്രം സ്ഥിതിചെയ്യുന്ന മലപൊക്കിയെടുത്തുവച്ചു. വിഷ്ണു ഓടിയെത്തി മലയുടെ അടിഭാഗം അല്പം ചരിച്ച് പ്രഹ്ലാദനെ രക്ഷിച്ചു. പിന്നീട് ഹിരണ്യകശിപുവിന്റെ വധത്തിനു ശേഷം വിഷ്ണുസാന്നിദ്ധ്യമുണ്ടായ മലയിൽ തന്നെ വിഷ്ണു രക്ഷപെടുത്തിയതിന്റെഓർമ്മയ്ക്കായി പ്രഹ്ലാദൻ നരസിംഹത്തെ പ്രതിഷ്ഠിച്ച് ക്ഷേത്രം പണിതീർത്തു.

ഹിരണ്യകശിപുവിനെ വധിച്ച്കോപം ശമിക്കാതെ വിറകൊള്ളുന്നഉഗ്രനരസിംഹമാണ്പ്രധാനമൂർത്തി. ക്രോധഭാവം കുറയ്ക്കാൻ വിഗ്രഹത്തിൽ കട്ടികുറഞ്ഞ സിൽക്ക് അണിയിച്ച് അതിനു മുകളിൽ ചന്ദനം കൊണ്ട് മൂടിയിരിക്കും.

എത്തിച്ചേരാൻ

ചെന്നൈ - ഹൗറ റൂട്ടിൽ സ്ഥിതിചെയ്യുന്ന വിശാഖപട്ടണത്തുനിന്ന് 23 കിലോമീറ്റർ ദൂരമുണ്ട് സിംഹാചലത്തേക്ക്. മലയടിവാരം വരെ 18 കിലോമീറ്റർദൂരം.

എം.വി

സന്ദേശം

ഡോ.ബി.അശോക്



ശ്രീനാരായണഗുരു പുൽകിയ ഏകമതം

കേരളത്തെ ആധ്യാത്മികമായും സാമൂഹ്യമായും ഒരു നവയുഗത്തിലേയ്ക്ക് പരിവർത്തനം ചെയ്യിച്ച ശ്രീനാരായണ ഗുരു 1916 ലും 1920 ലുമായി നടത്തിയ പ്രസ്താവനകൾ ഏറെ ചർച്ചചെയ്യപ്പെട്ട വരികയാണ്. 1928 ലെ ഗുരുവിന്റെ മഹാസമാധിയ്ക്കു ശേഷം, 1916 മേയിൽ ആലുവ അദ്വൈതാശ്രമവുമായി ബന്ധപ്പെട്ടു നടത്തിയ 'നാം പ്രത്യേക ജാതിയിലോ മതത്തിലോ പെടുന്നില്ല...' എന്നതും 1920 ലെ മിശ്രഭോജനത്തെയും മിശ്ര വിവാഹത്തെയും പിന്തുണച്ചതുമായ പ്രസ്താവനയുമാണ് ഇവ. ചില ബൗദ്ധികർ നാളിതുവരെയില്ലാത്ത പ്രാധാന്യം നൽകി ഇവയാണ് ഇപ്പോൾ ചർച്ചയ്ക്കെടുത്തിട്ടുള്ളതാണ്.

ഇത് ഒരർത്ഥത്തിൽ നല്ലതാണ്. കാരണം 1954 മുതൽ ഇ.എം.എസും പി. ഗോവിന്ദപ്പിള്ളയും കെ.ദാമോദരനും ഒക്കെരൂപീകരിച്ച നാരായണഗുരുവിനോടുള്ളള ഖണ്ഡനവിമർശന സമീപനം ഒട്ടൊക്കെ മാറിവരുന്നു എന്നത് ഒരു നല്ല പുതിയ സൂചനയാണ്. 1950കളിൽ കൊച്ചി എസ്.എൻ.ഡി.പി യോഗത്തിന്റെ അവകാശ പ്രഖ്യാപന സമ്മേളനം സുവനീറിൽ ഇം.എം.എസ് എഴുതിയത്

'സാമ്രാജത്വ വിരോധം, നാട്ടുരാജ്യ പ്രജാസ്വാതന്ത്ര്യ പ്രഖ്യാപനം, ജന്മി വിരോധ പ്രസ്ഥാനം എന്നിവ 25 വർഷമായി കേരളത്തിൽ വളർന്നു വന്നിരിയ്ക്കുന്നു. ഇവയിൽ ജാതി വിരോധം ഒഴിച്ചുള്ള പ്രശ്നങ്ങളിൽ സ്വാമിസന്ദേശം അപര്യാപ്തമാണ്.' എന്നാണ്. സെക്യൂലറായ വർഗ്ഗ സമരത്തിൽ ഗുരുവും ശിഷ്യരും വേണ്ടത്ര ഏർപ്പെട്ടില്ല എന്നത് ഒരു വലിയ ന്യൂനതയായിട്ടാണ് ഇ.എം.എസ് വ്യക്തമായി വിലയിരുത്തിയത്. സ്വാമിയുടെ വിദ്യാഭ്യാസ-സാമ്പത്തിക പരിപാടികളും ഇ.എം.എസ് ഗുണകരമായി പരിഗണിച്ചില്ല.

1952 ൽ കെ. ദാമോദരൻ 'നവയുഗത്തിൽ' ഈ ആശയം കുറെക്കൂടി വിപുലീകരിച്ചു. 'ദേശീയ ബൂർഷ്വാസിയുടേതായ പരിമിതികൾ ഗുരുവിന്റെ പ്രസ്ഥാനത്തെയും ബാധിച്ചിരുന്നു. അദ്ദേഹത്തിന്റെമതപരവും ദേശീയവും സാംസ്കാരികവുമായ സിദ്ധാന്തങ്ങൾ ലിബറൽ ബൂർഷ്വാസിയുടേതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. ഫ്യൂഡലിസത്തെ എതിർത്തുവെങ്കിലും ഈ സമരത്തിൽ ബഹുജനങ്ങളെയൊക്കെ ആകർഷിച്ചണിനിരത്താൻ കെല്പുള്ള സാമ്പത്തിക പരിപാടികൾ അദ്ദേഹത്തിനുണ്ടായിരുന്നില്ല.'

വിമർശകർ കവിയും അവധൂതനും ആശാനും മഹർഷിയും അദ്വൈതിയും ഒക്കെയായിരുന്ന യുഗപുരുഷന്റെദാർശനികപ്രോരായുകളുടെ വിമർശനത്തിൽ നിന്നും 1916 ലേയും 1920 ലേയും സാന്ദർഭിക പ്രസ്താവനകളുടെ ഉപരിപ്ലവമായ ആഘോഷത്തിലേയ്ക്ക് എത്തിച്ചേരുന്ന ചരിത്ര സന്ദർഭമാണ് സംഗതമായിട്ടുള്ളത്. ഇതിന്റെ താൽക്കാലിക ലക്ഷ്യം ആർക്കും കാണാവുന്നതേയുള്ളൂ. അപൂർണ്ണനും വേത്ര പുരോഗമനമില്ലായ്മ കമ്മ്യൂണിസ്റ്റ് സമീപനം കൊണ്ട് ഇ.എം.എസ്സും ദാമോദരനുമൊക്കെ 'പൂർണതയിലെത്തിച്ച' ശ്രീനാരായണഗുരുവിന്റെ 'നമുക്ക് ജാതിയും മതവുമില്ല' എന്ന പ്രസ്താവന പലമടങ്ങ് വിപുലീകരിച്ച് ഇന്ന് പ്രചരിപ്പിക്കുന്നത് ഗുരു ജാതി, മതം, ആസ്തിക മത, നാസ്തിക മത, വ്യത്യാസം, ശാസ്ത്രം എന്നിവയോടൊക്കെ വെവ്വേറെ നടത്തിയ കൃത്യവും വ്യക്തവുമായ സമീപനങ്ങളെ മറച്ചു പിടിച്ചുകൊണ്ടാണ്.

പ്രത്യേക ജാതിയിലോ മതത്തിലോ 1916 മേയ് മുതൽ നാം ഇല്ല എന്ന ഗുരുവിന്റെ പ്രസ്താവന തന്നെയെടുക്കൂ. ജാതിയില്ല എന്നത് 1888 മുതലേ ഗുരുവിന്റെ വ്യക്തമായ നിലപാടാണല്ലോ അപ്പോൾ അതിൽ ഒരു പുതുമയുമില്ല. ജാതി ആചാരം മാനിയ്ക്കാതെയാണ് അന്നത്തെ പ്രതിഷ്ഠാ ആചാരം ലംഘിച്ച് 72 ക്ഷേത്ര പ്രതിഷ്ഠകൾ- അരുവിപ്പുറത്തെ ശിവൻ മുതൽ ഓംകാരം, കണ്ണാടി - സത്യം, ദയ, ധർമ്മം ഉല്ലേഖനം എന്നിങ്ങനെ വൈവിധ്യമാർന്ന ഒരു ബിംബാഭിമുഖ്യം 1926 വരെ ഗുരു പ്രദർശിപ്പിക്കുന്നത് ബിംബങ്ങളിലൂടെ സനാതനധർമ്മത്തിന്റെ കാമ്പായ 'ധർമ്മ'ത്തിലേയ്ക്കും സത്യത്തിലേയ്ക്കുമുള്ള യാത്രയെന്നതിലുപരിയായി ഓട്ടൊക്കെ നാസ്തികയിലേയ്ക്കും ഭൗതികവാദത്തിലേയ്ക്കുമുള്ള ഗുരുവിന്റെ ഒരു സമാന്തര യാത്രയായി ഇതു ദുർവ്യാഖ്യാനിക്കപ്പെടുന്നുണ്ട്.

1925 ഒക്ടോബറിൽ സി.വി കുഞ്ഞുരാമൻ ഗുരുവുമായി നടത്തി പ്രസിദ്ധീകരിച്ച ദീർഘ സംഭാഷണത്തിൽ വിശ്വാസത്തിന്റെ ഈ വശം ഗുരു ചർച്ചചെയ്യുന്നുണ്ട്.

'നാസ്തികമതം ചിലവ്യക്തികളുടെ കേവല അഭിപ്രായം മാത്രമാണ്. അത് ഒരിക്കലും ഒരു ജനസമുദായത്തിന്റെ മതമായിരുന്നിട്ടില്ല. ബുദ്ധമതം നാസ്തികമതമാവാനിടയില്ല. ശുദ്ധനാസ്തിക മതത്തിൽ ഇത്രവലിയ ഒരു ജനസമുദായത്തിന് ഇത്ര ദീർഘകാലം വിശ്വാസം നിലനിർത്തുക എന്നത് സംഭവ്യമല്ല.'

മതസമന്വയം എന്ന ആശയം വിപുലീകരിച്ച്കൊണ്ട് ഗുരു 'മതങ്ങൾ തമ്മിൽ പൊരുതാൻ ഒട്ടുങ്ങാത്തതു കൊണ്ട് ഒന്നിനു മറ്റൊന്നിനെ തോൽപ്പിക്കാൻ കഴിയില്ല. ഈ മതപ്പോരിന് അവസാനമുണ്ടാകണമെങ്കിൽ സമബുദ്ധിയോടെ എല്ലാ മതങ്ങളും എല്ലാവരും പഠിയ്ക്കണം. അങ്ങനെ വെളിപ്പെട്ടുവരുന്ന മതമാണ് നാം ഉപദേശിയ്ക്കുന്ന 'ഏകമതം' എന്നു പറയുന്നു.' ഗുരു തുടരുന്നു:

'ഹിന്ദുമതം എന്നത് ഹിന്ദുസ്ഥാനത്തിലെ അവിടെയുദിച്ച മതങ്ങളുടെ പൊതുപേരാണ് എന്നും സ്വയം അംഗീകരിക്കാത്തതിനാൽ ക്രിസ്ത്യ, ഇസ്ലാം മതമൊഴിച്ച് ഹിന്ദുസ്ഥാനത്തിൽ ഉദിച്ച മതങ്ങളെല്ലാം ചേർന്നതാണ് ഹിന്ദുമതം എന്നതുകൊണ്ടർത്ഥമാക്കുന്നതെന്നും ശ്രീനാരായണഗുരു പറയുന്നു.

ഈ ആശയങ്ങൾ ഗുരു 1924 ലെ മഹാത്മജിയുമായുള്ള കൂടിക്കാഴ്ചയിലും വിപുലീകരിക്കുന്നുണ്ട്. ഗാന്ധിജിയുടെ വർണ്ണാശ്രമവ്യവസ്ഥയിലെ ഊന്നൽ പ്ലാവിന്റെ സത്ത് ഇലയിലും കാമ്പിലും ഒന്നു തന്നെ എന്ന് അടിവരയിട്ട് അദ്വൈതിയായ നാരായണ ഗുരു നിർവ്വീര്യമാകുന്നു. മതപരിവർത്തനമല്ല; മന:പരിവർത്തനമാണ് വേത് എന്ന് പറഞ്ഞ് മതപരിവർത്തന വിരോധം പ്രകടിപ്പിച്ച ഗാന്ധിജിയോട് ഗുരു യോജിക്കുന്നു. മതം പൂർണ്ണമായും വിട്ടയാൾ എന്തിന് മതപരിവർത്തനത്തോട് 1929 ൽ നിലപാടെടുക്കണം?

ഇരുപതു വർഷം തുടർച്ചയായി തന്നെ മതപരിവർത്തനം ചെയ്യിക്കാൻ ശ്രമിച്ച ജോൺ എന്നയാളോടും ക്രിസ്ത്യീയ വിദേശ മിഷണറിമാരോടും 'നാം മുൻപേ ആ മതത്തിൽ ഉള്ളതാണല്ലോ' എന്നറിയിക്കുന്നു. മോഷപ്രാപ്തിക്ക് ക്രിസ്ത്യീയ-ഇസ്ലാമിക ആരാധന ക്രമങ്ങളും പള്ളികളും ആവാമെന്നും വേണമെന്നു വരികിൽ അവ താൻ നിർമ്മിച്ചു നൽകാമെന്നും വരെ ഗുരു പറയുന്നുണ്ട്. മതത്തിന്റെ ബാഹ്യവും ആന്തരികവുമായ നിരാസങ്ങൾ ഗുരു ഒരിടത്തും പ്രകടിപ്പിക്കുന്നില്ല. മതം മനുഷ്യന് വേതാണ് എന്നതിലും ഗുരുവിന് സംശയമില്ല. മതനിഷേധമോ നിരാസമോ ഗുരു ഒരിടത്തും പ്രദർശിപ്പിക്കുന്നതേയില്ല. മതപഠനവും സമന്വയവുമാണ് 1929 ലും ആവശ്യപ്പെടുന്നത്.

ഗുരു 1916 ൽ എന്തെങ്കിലും മതം വിട്ടെങ്കിൽ ഗുരുവിനെ ഇന്ന് ആഞ്ഞു പുൽകുന്നവരുടെ സങ്കുചിത ഗോത്ര-സ്വത്വമത ബോധമാണ്. ജനിച്ച മതം ഇന്നത് എന്ന അർത്ഥത്തിലുള്ള പരിമിത 'ജനിത'ക മതം. ഏകമതം എന്ന അർത്ഥത്തിലും ഗാന്ധിജിയുടെ സനാതനധർമ്മം എന്ന അടിസ്ഥാനത്തിലും ഗുരു 1916 ൽ ചേർന്ന ഏകമതം ഹിന്ദുത്വത്തിന്റെ പൈതൃകക്കാമ്പാണ്. സർവ്വമത സമ്മാനിതാവസ്ഥയും സമഭാവനയും ആണ് അതിന്റെ വലിയ മേന്മ.

അന്യ മത തിരസ്കാരമാണ് ലോകത്തെ ശാന്തമാക്കുന്ന ചിന്താബീജം. ഭേദ-വൈജാത്യ സംഘർഷാടിസ്ഥാനത്തിൽ രൂപപ്പെട്ട വർഗ്ഗസമരസൈദ്ധാന്തികർക്ക് 1916ൽ ഗുരു ചേർന്ന ഏകമതം സങ്കുചിതമായി തുടർന്നും തോന്നുന്നത് സ്വഭാവികം. 1950ൽ ഇ.എം.എസ്സ് തുടങ്ങിവച്ച ഖണ്ഡന വിമർശനം ഇന്നും തുടരുന്നു എന്നും അത് ഗുരുവിന്റെ സമഗ്രദർശനം ഒട്ടും മനസ്സിലാക്കാതെയാണ് എന്നതും വ്യക്തം.

(ഭാരതീയ വിചാരകേന്ദ്രത്തിന്റെ ശ്രീനാരായണ ഗുരുവിന്റെ കേരളീയ നാവോത്ഥാനത്തിലെ പങ്കിനെക്കുറിച്ച് തിരുവനന്തപുരത്തു നടന്ന വിചാര സത്രത്തിലെ ഉദ്ഘാടന പ്രസംഗ-ത്തിലെ പ്രസക്തഭാഗങ്ങൾ)